# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 693

29.11.2018- ൽ മറുപടിയ്ക്ക്

## ആശ്വാസ് പദ്ധതി പ്രകാരം സഹകരണ വകുപ്പ് തീർപ്പാക്കിയ അപേക്ഷകൾ

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലപ്പുറം ജില്ലയിൽ സഹകരണ വകുപ്പ് ജോയിന്റ് രജിസ്ട്രാർ (ജനറൽ)ഓഫീസിൽ ലഭിച്ച പരാതികൾ എത്ര; അപേക്ഷകൾ എത്ര; നിവേദനങ്ങൾ എത്ര; ലഭിച്ച തീയതികൾ ഉൾപ്പെടെ വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മലപ്പുറം ജില്ലയിൽ സഹകരണ വകുപ്പ് ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിൽ ആശ്വാസ് പദ്ധതിയുമായി ബന്ധപ്പെട്ട് അപേക്ഷകൾ/പരാതികൾ ലഭിച്ചിട്ടില്ല. മലപ്പുറം ജില്ലയിലെ ആശ്വാസ് താലൂക്ക്തല കമ്മിറ്റി മുമ്പാകെ സമർപ്പിച്ചതിൽ മലപ്പുറം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ ആശ്വാസ് ജില്ലാതല കമ്മിറ്റി മുമ്പാകെ ലഭിച്ച അപേക്ഷകളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>ആശ്വാസ് 2017- 17<br>ആശ്വാസ് 2018- 39<br>ആകെ 56<br>പരാതികൾ, നിവേദനങ്ങൾ എന്നിവ ലഭിച്ചിട്ടില്ല. |
| (ബി) സഹകരണ വകുപ്പ് നടപ്പിലാക്കുന്ന ആശ്വാസ് പദ്ധതി പ്രകാരം തീർപ്പാക്കിയ അപേക്ഷകൾ എത്ര; വിശദവിവരം ലഭ്യമാക്കുമോ; | (ബി) ആശ്വാസ് പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ തീർപ്പാക്കിയ അപേക്ഷകൾ സംബന്ധിച്ച വിവരങ്ങൾ താഴെ പറയുന്നു.<br>ആശ്വാസ് 2017<br>ആർബിട്രേഷൻ ഫയലുകൾ -954<br>എക്സിക്യൂഷൻ ഫയലുകൾ - 319<br>മറ്റുള്ളവ - 12<br>ആകെ - 1285 |

ആശ്വാസ് 2018

ആർബിട്രേഷൻ ഫയലുകൾ -2918
എക്സിക്യൂഷൻ ഫയലുകൾ - 1237

ആകെ - 4155

(സി) ജില്ല സഹകരണ ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ നിന്നും സഹകരണ വകുപ്പ് രജിസ്ട്രാർക്ക് റിപ്പോർട്ട് അയച്ചത് എത്ര ഫയലുകളിൽ; എത്ര ഫയലുകൾ നിരസിച്ചു; വ്യക്തമാക്കുമോ;

(സി) മലപ്പുറം ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിൽ നിന്നും ആശ്വാസ് 2017 പദ്ധതി പ്രകാരം സഹകരണ സംഘം രജിസ്ട്രാർക്ക് 17 ഫയലുകൾ അയയ്ക്കുകയും ആയതിന് സംസ്ഥാനതല കമ്മിറ്റി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) സർവ്വീസ് ചട്ടപ്രകാരം നടപടി സ്വീകരിക്കാത്ത ഫയലുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) സർവ്വീസ് ചട്ടപ്രകാരം നടപടി സ്വീകരിക്കാത്ത ഫയലുകൾ അവശേഷിക്കുന്നില്ല.

(ഇ) ജില്ലയിൽ ഇത്രയധികം ഫയലുകൾ കെട്ടികിടക്കുന്ന കാര്യത്തിൽ സഹകരണ വകുപ്പ് രജിസ്ട്രാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച ഫയൽ കോപ്പികൾ ലഭ്യമാക്കുമോ;

(എഫ്) ജില്ലയിലെ ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ കെട്ടികിടക്കുന്ന ഫയലുകൾ തീർപ്പാക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ; ഇതിനായി അദാലത്തുകൾ നടത്തുവാൻ നടപടി സ്വീകരിക്കുമോ?

(ഇ) യും (എഫ്) ഉം മലപ്പുറം ജില്ലാ ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ ആശ്വാസ് പദ്ധതിയുമായി ബന്ധപ്പെട്ട് ഫയലുകൾ കെട്ടികിടപ്പുണ്ടോ എന്നത് സംബന്ധിച്ച് പരിശോധിച്ച് കെട്ടികിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ